# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2338 01.04.2013-ൽ മറുപടിയ്ക്ക്

## അധികവില ഈടാക്കുന്ന മരുന്ന് കമ്പനികൾ

ചോദ്യം

ശ്രീ. എളമരം കരീം

ശ്രീ. എസ്.ശർമ്മ

ശ്രീ. രാജു എബ്രഹാം

ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ)

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) മരുന്നു കമ്പനികൾ അമിത വില ഈടാക്കുന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; കേന്ദ്ര സർക്കാരിന് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയാണ് (എൻ.പി.പി.എ) ഇന്ത്യയിലൊട്ടാകെ മരുന്നുകളുടെ പരമാവധി വില നിശ്ചയിച്ചുറപ്പിക്കുന്നത്. എന്നാൽ എൻ.പി.പി.എ. നാളിതുവരെയും 74 മരുന്നുകൾക്കും അവയുടെ വിവിധ കോമ്പിനേഷനുകൾക്കും മാത്രമാണ് പരമാവധി വില നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത വിലയേക്കാൾ കൂടുതൽ വിലയ്ക്ക് മരുന്ന് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ വിൽപ്പന സംസ്ഥാനത്ത് തടഞ്ഞ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിവരം അനന്തര നടപടികൾക്കായി എൻ.പി.പി.എ.-യെ അറിയിക്കുന്നുണ്ട്. ഇപ്രകാരം 2011-ൽ 72 ബ്രാൻഡുകളും, 2012-ൽ 99 ബ്രാൻഡുകളും, 2013-ൽ 7 ബ്രാൻഡുകളുടെയും വിവരങ്ങൾ എൻ.പി.പി.എ.-യെ അറിയിച്ചിട്ടുണ്ട്. |
| (ബി) ഇക്കാര്യത്തിൽ കേന്ദ്ര സർക്കാർ ആർക്കെങ്കിലും എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) മരുന്നുകൾക്ക് എൻ.പി.പി.എ നിശ്ചയിച്ചിട്ടുള്ള വിലയെക്കാൾ അധിക വില ഈടാക്കുന്ന വിവരം ഡ്രഗ്സ് കൺട്രോൾ വകുപ്പിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് ഇതു സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ശേഖരിച്ചതിനുശേഷം അമിത വിലയിനത്തിൽ ഈടാക്കിയ എല്ലാ ബാച്ചുകളുടെയും അധിക തുക ബന്ധപ്പെട്ട കമ്പനികളിൽ നിന്ന് കേന്ദ്ര സർക്കാരിലേയ്ക്ക് പിഴയായി ഈടാക്കാറുണ്ട്. |
| (സി) ഇക്കാര്യത്തിൽ സംസ്ഥാന തല നിർവ്വഹണ ഏജൻസിയായ ഡ്രഗ്സ് കൺട്രോളർ 2012 മുതൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (സി) എൻ.പി.പി.എ നിശ്ചയിച്ചിരിക്കുന്ന വിലയെക്കാൾ കൂടുതൽ വിലയ്ക്ക് മരുന്നു വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അതിന്റെ വിൽപ്പന സംസ്ഥാനത്ത് തടഞ്ഞ്, ഡ്രഗ്സ് കൺട്രോൾ വകുപ്പ് വിവരം അനന്തര നടപടികൾക്കായി നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റിയെ അറിയിക്കുന്നുണ്ട്. 2012-ൽ 99 ബ്രാൻഡുകളും, 2013-ൽ 7 ബ്രാൻഡുകളുടെയും വിവരങ്ങൾ എൻ.പി.പി.എ -യെ അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) നിയമലംഘനത്തിന്റെ പേരിൽ സംസ്ഥാനത്ത് ആർക്കെ ങ്കിലും എതിരെ അവശ്യ വസ്തു നിയമ പ്രകാരം 2012 ഏപ്രിൽ മുതൽ 2013 ഫെബ്രുവരി 28 വരെയുള്ള കാലയളവിൽ കേസ്സെടുത്തിട്ടു ണ്ടോ ? | (ഡി) മരുന്നിന്റെ പരമാവധി വിലയേക്കാൾ കൂടുതൽ വില ഈടാക്കിയതിന് ഒരു കേസെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ